| പതിനാലാം കേരള നിയമസഭ | |
|---|---|
| അഞ്ചാം സമ്മേളനം | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.479 | 17/05/2017 ൽ മറുപടിക്ക് |
| സീറോ ടോളറൻസ് ടു കറപ്ഷൻ | |
| ചോദ്യം | മറുപടി |
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>രാജു എബ്രഹാം<br>,, കാരാട്ട് റസാഖ്<br>,, കെ.ഡി. പ്രസേനൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 'സീറോ ടോളറൻസ് ടു കറപ്ഷൻ 'എന്ന ലക്ഷ്യം നേടുന്നതിനായി സർക്കാർ വകുപ്പുകളിൽ അഴിമതി സൂചിക തയ്യാറാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, റിസർച്ച് ആന്റ് ട്രെയിനിംഗ് വിംഗിന്റെ ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ അഴിമതിയുടെ തോത് അനുസരിച്ച് വകുപ്പുകളെ തരം തിരിച്ചിട്ടുണ്ട്. ഓരോ മൂന്നു മാസം കൂടുമ്പോഴും വകുപ്പുകൾ തിരിച്ചുള്ള അഴിമതിയുടെ തോത് കണ്ടുപിടിച്ച് നാലു പ്രാവശ്യം കേരള ആന്റി കറപ്ഷൻ ഇൻഡക്സ് ആയി പ്രസിദ്ധീകരിക്കാനാണ് പദ്ധതി. |
| (ബി) | പ്രസ്തുത ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനായി എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചു നീക്കുന്നതിനു വേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കു വേണ്ടിയും ഇതര ജന വിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. സംസ്ഥാന സിവിൽ സർവ്വീസിലേയും സർക്കാർ ഇതര ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്കും കുടുംബശ്രീ പ്രവർത്തകർക്കും വായനാ ശാലകൾ മുഖാന്തിരവും പൊതുജനങ്ങൾക്ക് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. അഴിമതിയെപ്പറ്റി വിവരം നല്കുന്നതിനായി വിസിൽ ബ്ലോവർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. അഴിമതി തുടച്ചുനീക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഭരണത്തിന്റെ സദ്ഫലങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും സംതൃപ്തവും അതേസമയം കാര്യക്ഷമവുമായ സിവിൽ സർവ്വീസ് വാർത്തെടുക്കുന്നതിനായി "Zero tolerance to Corruption" എന്ന നയത്തിന്റെ വിജയത്തിനാവശ്യമായ അഴിമതി ബോധവൽക്കരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും വളരെ ശക്തമായും വിപുലമായും സോഷ്യൽ മീഡിയയിലും പത്ര മാദ്ധ്യമ ചാനലുകളിലും നടത്തി വരുന്നുണ്ട്. |
| (സി) | സർക്കാർ ഓഫീസുകൾ അഴിമതി മുക്തമാക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ എന്തെല്ലാം സാധ്യതകൾ ഉപയോഗിക്കാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (സി) | പൊതുജന പങ്കാളിത്തത്തോടെയുള്ള അഴിമതി നിർമ്മാർജ്ജനത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 'Arising Kerala', 'Whistle Now' എന്നീ രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ